"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - 2024-ലെ അഗസ്ത്യാർകൂടം സീസണൽ ട്രെക്കിങ്ങിന്റെ തീയതി പുനർനിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.107/2024/F&WLD തീയതി,തിരുവനന്തപുരം, 27-02-2024

---

പരാമർശം:- 1. സ.ഉ .(സാധാ ) നം. 12/2024/വനം, തീയതി 06/01/2024

**ഉത്തരവ്**

പരാമർശം ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ട ഈ വർഷത്തെ അഗസ്ത്യാർകൂടം സീസണൽ ട്രെക്കിങ്ങ്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, 2024 മാർച്ച് 4 വരെ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

1. ബുക്ക് ചെയ്തിരുന്നവർക്ക് തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ (വന്യജീവി സാനിധ്യം , പ്രതികൂല കാലാവസ്ഥ എന്നിവ ) ട്രെക്കിങ്ങിന് പോകാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ അവർക്ക് ഈ ദിവസങ്ങളിൽ രജിസ്റ്റർ ചെയ്യാൻ മുൻഗണന നൽകേണ്ടതാണ് .
2. ഓൺലൈൻ ആയി നേരത്തെ ബുക്ക് ചെയ്യാൻ ശ്രമിക്കുകയും എന്നാൽ ബാങ്ക് പേയ്മെന്റ് നടക്കാതെ വരുകയും ചെയ്തവർ പ്രസ്തുത രേഖകൾ സഹിതം അപേക്ഷിച്ചാൽ നിശ്ചിത ഫീസ് ഈടാക്കി അവർക്ക് അവസരം നൽകാവുന്നതാണ്.
3. മാർച്ച് 3 , 4 എന്നീ തീയതികളിൽ 100 പേര് വീതം ഉൾപ്പെടുന്ന രണ്ട് ബാച്ചുകൾക്കാണ് അനുമതി നൽകുന്നത് .
4. പുതുതായി അനുമതി നൽകുന്ന ബാച്ചുകളുടെ രജിസ്ട്രേഷൻ ഓഫ്‌ലൈൻ ആയി മാത്രമാണ് നടത്തേണ്ടത്. ഓഫ്‌ലൈൻ രജിസ്ട്രേഷൻ 2024 ഫെബ്രുവരി 28 മുതൽ നടത്താവുന്നതാണ്.

പരാമർശം ഉത്തരവ് പ്രകാരമുള്ള ഫീസ് ഉൾപ്പെടെയുള്ള മറ്റു നിബന്ധനകളിൽ ( മുകളിൽ പരാമർശിക്കപ്പെടാത്ത ) മാറ്റമുണ്ടായിരി ക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എ, ബി, പി), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)

വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Priya S A
സെക്ഷൻ ഓഫീസർ
Date: 27-02-2024 17:42:32

പകർപ്പ്

ബഹു. വനം വകുപ്പ് മന്ത്രിയുടെ പിഎസ്